## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3134 10.05.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

## കുട്ടികൾക്കും സ്ത്രീകൾക്കും വൃദ്ധന്മാർക്കും വേണ്ടിയുള്ള ക്ഷേമ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ എ.എൻ. ഷംസീർ : | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

(ചോദ്യം) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സാമൂഹ്യനീതി വകുപ്പ് എന്തൊക്കെ കാര്യങ്ങൾ ആണ് കുട്ടികൾക്കും സ്ത്രീകൾക്കും വൃദ്ധന്മാർക്കും ആയി ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

(ഉത്തരം) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്നേഹപൂർവ്വം പദ്ധതിപ്രകാരം 1 മുതൽ 5-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി 300 രൂപയും 6 മുതൽ 10-ാം ക്ലാസ്സ് വരെ 500/-രൂപയും +1, +2 ക്ലാസ്സ് വരെ 750/- രൂപയും ഡിഗ്രി / പ്രൊഫഷണൽ കോഴ്സുകൾക്ക് 1000/- രൂപയും പ്രതിമാസ ധനസഹായം നൽകിവരുന്നു. 18 വയസ്സിന് താഴെയുള്ള ക്യാൻസർ ബാധിതരായ കുട്ടികൾക്ക് എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ സൗജന്യ ചികിത്സ നൽകുന്ന ക്യാൻസർ സുരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നു. 18 വയസ്സിനു താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ ഹൃദയസംബന്ധമായ രോഗങ്ങൾ, നാഡീരോഗങ്ങൾ, സെറിബ്രൽ പാൾസി, ഓട്ടിസം, അസ്ഥിവൈകല്യങ്ങൾ, എൻഡോസൾഫാൻ രോഗബാധിതരുടെ രോഗങ്ങൾ, ഡയാലിസിസ്, ശസ്ത്രക്രിയ അടക്കമുള്ള ചികിത്സാചെലവ് എന്നിവ വഹിക്കുന്നു. പ്രതിവർഷം രണ്ട് ലക്ഷം രൂപവരെ കുടുംബവരുമാനമുള്ള 5 വയസ്സ് വരെ

പ്രായമുള്ള ശ്രവണവൈകല്യമുള്ള കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ കേൾവിയും തുടർച്ചയായ ആഡിയോ വെർബൽ ഹബിലിറ്റേഷനിലൂടെ സംസാരശേഷിയും ലഭ്യമാകുന്ന ശ്രുതിതരംഗം - കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി നടപ്പിലാക്കിവരുന്നു. കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ പൂർത്തീകരിച്ച കുട്ടികൾക്ക് സ്പീച്ച് പ്രോസസർ അപ്ഗ്രേഡ് ചെയ്ത് നൽകുന്നതിനായി ഒരു പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ജുവനൈൽ ഡയബറ്റിസ് മൂലം ബുദ്ധിമുട്ടനുഭവിക്കുന്ന കുട്ടികൾക്കായി ഇൻസുലിൻ നൽകുന്ന ചികിത്സാ പദ്ധതി, എം.എം.ആർ വാക്സിനും റൂബെല്ലാ വാക്സിനും നൽകുന്ന പദ്ധതി, നവജാതശിശുക്കൾക്കായി കേൾവി പരിശോധന, അംഗപരിമിതരായ കുട്ടികൾക്ക് തെറാപ്പി സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി അനുയാത്രാക്യാമ്പയിൻ, എൻഡോസൾഫാൻ ദുരിതബാധിതകുട്ടികൾക്കായി വിദ്യാഭ്യാസ ധനസഹായം എന്നിവയും നൽകിവരുന്നു. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സ്ത്രീകളെയും കുട്ടികളെയും സംരക്ഷിക്കുന്ന സ്ഥാപനങ്ങൾക്ക് ഒരു അന്തേവാസിക്ക് 1000/- രൂപ നിരക്കിൽ 24,85,05,754/- രൂപ ഗ്രാൻറ് നൽകിയിട്ടുണ്ട്. ഓട്ടിസം ബാധിതരായ കുട്ടികൾക്ക് സേവനങ്ങൾ നൽകുന്നതിനായി ഓട്ടിസം സെന്ററുകൾ സംസ്ഥാനത്തെ മെഡിക്കൽകോളേജുകളിൽ ആരംഭിക്കുന്ന താണ്. അംഗപരിമിതരായ കുട്ടികൾക്കായി കോഴിക്കോട് ജില്ലയിൽ നടന്നുവരുന്ന സ്പെഷ്യൽ അങ്കണവാടി പദ്ധതി മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു.

സ്ത്രീകൾക്കായി കേരളാ സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന പ്രതിമാസം 1000/- രൂപ നിരക്കിൽ ധനസഹായം നൽകുന്ന സ്നേഹസ്പർശം പദ്ധതി, സ്ത്രീകളുടെ ഉന്നമനത്തിനായി സ്ത്രീശക്തി പ്രോജക്റ്റ് എന്നിവയും നടപ്പിലാക്കിവരുന്നു. കൂടാതെ വിധവകളാകുന്ന സ്ത്രീകൾക്കായി മംഗല്യ പദ്ധതി, വനിതാക്ഷേമസ്ഥാപനങ്ങളിലെ വിവാഹിതരായ അന്തേവാസികൾക്കായി 'സ്നേഹസംഗമം' പരിപാടി എന്നിവയും

നടപ്പിലാക്കിവരുന്നു. മിശ്രവിവാഹിതർക്ക് ധനസഹായം നൽകുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഓർഫനേജ് കൺട്രോൾബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സ്ത്രീകൾക്കുള്ള ക്ഷേമസ്ഥാപനങ്ങളിലെ പെൺകുട്ടികൾക്ക് വിവാഹധനസഹായമായി ഒരു പെൺകുട്ടിക്ക് 50000/- രൂപ നിരക്കിൽ 19,00,000/- രൂപ നൽകിയിട്ടുണ്ട്.

വയോജനങ്ങൾക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന വയോമിത്രം പദ്ധതി നടപ്പിലാക്കി വരുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുതിർന്ന പൗരന്മാർക്ക് കൃത്രിമദന്തനിര സൗജന്യമായി വച്ചു നൽകുന്ന 'മന്ദഹാസം' പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വയോജനങ്ങൾക്ക് കൂടുതൽ സൗകര്യങ്ങൾ അനുവദിക്കുന്നതിനായി 70 പകൽ പരിപാലനകേന്ദ്രങ്ങളെ 'സ്വയംപ്രഭ ഹോമുകളായി' അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. മുതിർന്ന പൗരന്മാർക്കുള്ള സാമൂഹ്യസുരക്ഷാ പെൻഷനുകൾ 1,100/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വയോജനങ്ങളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾക്ക് ഓർഫനേജ് കൺട്രോൾ ബോർഡിൽനിന്നും 10,01,89,873/- രൂപ ഗ്രാൻറ് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ